**<u>15 -ാം കേരള നിയമസഭ</u>**

**<u>5 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5207</u>** **<u>21-07-2022 - ൽ മറുപടിയ്ക്ക്</u>**

**<u>കേരള കാർഷിക സർവ്വകലാശാലയ്ക്കുള്ള കേന്ദ്ര ഫണ്ട്</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (നെന്മാറ)** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കേരള കാർഷിക സർവ്വകലാശാലയ്ക്ക് വിദ്യാഭ്യാസം, ഗവേഷണം, വിജ്ഞാനവ്യാപനം എന്നീ മേഖലകളിൽ കേന്ദ്ര സഹായം ലഭിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതികളുടെ ഭാഗമായാണ് ലഭിക്കുന്നത്; | (എ) | ഉണ്ട്. കേരള കാർഷിക സർവ്വകലാശാലയ്ക്ക് വിദ്യാഭ്യാസ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഐ.സി.എ.ആർ. എല്ലാ സാമ്പത്തിക വർഷവും ഡെവലപ്പ്മെന്റ് ഗ്രാന്റ് അനുവദിക്കാറുണ്ട്. കൂടാതെ വിജ്ഞാന വ്യാപനത്തിന്റെ ഭാഗമായി കൃഷി വിജ്ഞാന േകന്ദ്രങ്ങൾക്കും ഗവേഷണ മേഖലയിൽ ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾക്കുമായി കേന്ദ്ര സഹായം ലഭിക്കുന്നുണ്ട്.<br><br>1. അഖിലേന്ത്യാ ഏകോപിത ഗവേഷണ പദ്ധതികൾ<br>2. അഖിലേന്ത്യാ ശൃംഖലാ ഗവേഷണ പദ്ധതികൾ<br>3. രാഷ്ട്രീയ കൃഷി വികാസ് യോജന<br>4. നാഷണൽ ഹോർട്ടികൾച്ചർ ബോർഡ്<br>5. ദേശീയ ഔഷധ സസ്യ ബോർഡ്<br>6. കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പ്<br>7. കേന്ദ്ര ജൈവ സാങ്കേതിക വകുപ്പ്<br>8. ഭാരതീയ കാലാവസ്ഥാ വകുപ്പ്<br>9. പി.എം.എഫ്.എം.ഈ-പ്രധാന മന്ത്രി സൂക്ഷമ ഭക്ഷ്യ സംസ്കരണ വ്യവസായ സംരംഭ രൂപവൽകരണ പദ്ധതി<br>10. ഐ.സി.എ.ആർ എമിരറ്റസ് പദ്ധതി<br>11. ഐ.സി.എ.ആർ നാഷണൽ ഫെല്ലോ പദ്ധതി<br>12. ഐ.സി.എ.ആർ ബൃഹത് വിത്ത് പദ്ധതി<br>13. എൻ.എ.എച്ച്.ഈ.പി സി.എ.എ.എസ്.ടി - ദേശീയ കാർഷിക ഉന്നത വിദ്യാഭ്യാസ പദ്ധതി<br>14. നാളികേര വികസന ബോർഡ്. |
| (ബി) | ഓരോ മേഖലയിലും കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ ലഭിച്ച തുക വർഷം തിരിച്ച് നൽകാമോ; ഏതെങ്കിലും മേഖലയിൽ ധനസഹായം കുറഞ്ഞിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ? | (ബി) | 2017മുതൽ 2022 വരെയുള്ള കാലയളവിൽ വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് ഐ.സി.എ.ആർ-ൽ നിന്നും ലഭ്യമായ ധനസഹായത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു. |

| സാമ്പത്തിക വർഷം | ഐ.സി.എ.ആർ ഡവലപ്പ്മെന്റ് ഗ്രാന്റ് ഇനത്തിൽ അനുവദിച്ച തുക (ലക്ഷത്തിൽ) | ഐ.സി.എ.ആർ ട്രൈബൽ സബ് പ്ലാൻ | ഐ.സി.എ.ആ ഷെഡ്യൂൾഡ് കാസ്റ്റ് സബ് പ്ലാൻ |
|---|---|---|---|
| 2017-2018 | 803.39 | 0.00 | 0.00 |
| 2018-2019 | 560.52 | 0.00 | 0.00 |
| 2019-2020 | 0.00 | 0.00 | 0.00 |
| 2020-2021 | 136.51 | 20.00 | 0.00 |
| | | | |

| | | | |
|---|---|---|---|
| 2021-2022 | 230.00 | 40.00 | 100.00 |

2017-18 മുതൽ 2021-2022 സാമ്പത്തിക വർഷം വരെ കാർഷിക സർവ്വകലാശാലയ്ക്ക് ലഭിച്ച കേന്ദ്ര സഹായങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | തുക രൂപയിൽ |
|---|---|
| 2017-18 | 46,85,55,820 |
| 2018-19 | 50,24,90,533 |
| 2019-20 | 46,71,70,723 |
| 2020-21 | 57,33,77,215 |
| 2021-22 | 61,88,25,541 |

സെക്ഷൻ ഓഫീസർ